നം. എൽ.ആർ.ഇ 6-29582/20

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം - 33,
ഇ.മെയിൽ acreclr@gmail.com.
തീയതി 05 /11/2020

കമ്മീഷണർ,
ലാൻഡ് റവന്യൂ.

1) സെക്രട്ടറി, ലാൻഡ് ബോർഡ്
2) സർവ്വേ & ലാൻഡ് റിക്കാർഡ്സ് ഡയറക്ടർ.
3) എല്ലാ ജില്ലാ കലക്ടർമാർക്കും.

സർ,

വിഷയം : ജിവനക്കാര്യം-വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി( ഹയർ)- യോഗ്യരായ ജീവനക്കാരുടെ സി.ആർ. സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1 ഈ കാര്യാലയത്തിലെ 25/05/2017 ലെ എൽ.ആർ.റ്റി1-33951/2016 നം. നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 01/01/2014 മുതൽ 31/12/2015 വരെയുള്ള തഹസിൽദാർ/സീനിയർ സൂപ്രണ്ടുമാരുടെ സീനിയോരിറ്റി ലിസ്റ്റ്.
2 ഈ കാര്യാലയത്തിലെ 04/10/2019 ലെ എൽ.ആർ.റ്റി1-33951/2016 നം. നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 01/01/2016 മുതൽ 31/12/2017 വരെയുള്ള തഹസിൽദാർ/സീനിയർ സൂപ്രണ്ടുമാരുടെ സീനിയോരിറ്റി ലിസ്റ്റ്.
3 സർക്കാരിന്റെ 23/01/2019 ലെ ജി.ഒ.(പി) നം. 12/2020/ആർ.ഡി.നം. വിജ്ഞാപനം നം. പ്രകാരം പ്രസിദ്ധീകരിച്ച തഹസിൽദാർമാരുടെ സെലക്ട് ലിസ്റ്റ്.
4 23/09/2020 ലെ ജി.ഓ.(പി) നം. 69/2020/ആർ.ഡി. നം. വിജ്ഞാപനം.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ലാൻഡ് റവന്യൂ വകുപ്പിൽ 2021 ൽ പ്രതീക്ഷിക്കുന്ന ഡെപ്യൂട്ടി കലക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനായി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള ശിപാർശ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) മുമ്പാകെ സമർപ്പിക്കുന്നതിലേയ്ക്കായി സൂചന (1) (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോരിറ്റി

ലിസ്റ്റിൽ 1800 വരെയുള്ള തഹസിൽദാർ/സീനിയർ സൂപ്രണ്ടുമാരുടെ 2017 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെയുള്ള കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ 17/11/2020 ന് മുമ്പായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

ബന്ധപ്പെട്ട റിപ്പോർട്ടിംഗ് ഓഫീസർമാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കി റിവ്യൂയിംഗ് ഓഫീസർക്ക് നൽകിയിട്ടുണ്ടെന്നും, റിവ്യൂയിംഗ് ഓഫീസർ ടി കോൺഫിഡൻഷ്യൽ റിപ്പോർട്ട് റിവ്യൂ ചെയ്തിട്ടുണ്ടെന്ന വിവരവും ഓഫീസ് മേലധികാരികൾ ഉറപ്പു വരുത്തേണ്ടതാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുമ്പോൾ ചുവടെ പറയുന്ന നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

1. 2017 ജനുവരി 01 മുതൽ 2019 ഡിസംബർ 31 വരെയുള്ള കാലയളവിലെ കേൺഫിഡൻഷ്യൽ റിപ്പോർട്ടുകളാണ് സമർപ്പിക്കേണ്ടത്.
2. കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാത്ത കാലയളവ് ഉണ്ടെങ്കിൽ ആയതിനുള്ള കാരണം കാണിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
3. ഓഫീസ് മേലധികാരികൾ കോൺഫിഡൻഷ്യൽ റിപ്പോർട്ട് പരിശോധിച്ച് അനുബന്ധം 1 (ഫാറം എ) പ്രകാരമുള്ള റിമാർക്സ്, അനുബന്ധം 3 പ്രകാരമുള്ള അച്ചടക്ക നടപടി സംബന്ധിച്ച വിവരങ്ങൾ എന്നിവ സഹിതം ഹാജരാക്കണം.
4. കോൺഫിഡൻഷ്യൽ റിപ്പോർട്ടിലെ അച്ചടക്ക നടപടിയുടെ കോളത്തിൽ വ്യക്തമായി "അച്ചടക്ക നടപടി ഉണ്ട്" "അല്ലെങ്കിൽ അച്ചടക്ക നടപടി ഇല്ല" എന്ന് റിപ്പോർട്ടിങ്ങ് ഓഫീസറുടെ റിമാർക്സ് ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

17/11/2020 ന് ശേഷം ലഭിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഡിപിസി (ഹയർ) മുമ്പാകെ സമർപ്പിക്കാൻ കഴിയില്ലെന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)

കമ്മീഷണർ

അംഗീകാരത്തോടെ,

**സബിൻ സമീദ്,**

അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ)

കമ്മീഷണർക്കുവേണ്ടി